## (92.) വടക്കുപുറം തിരുഹൃദയ മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

ദൈവദാസൻ മാർ ഇവാനിയോസ് തിരുമേനി കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ട 1930-ൽ തന്നെ കത്തോലിക്കാ കൂട്ടായ്മയിലേക്ക് കടന്നുവന്ന കുമ്പഴ അച്ചൻ എന്നറിയപ്പെട്ടിരുന്ന ഫിലിപ്പോസ് മേടയിൽ അച്ചന്റെയും വന്ദ്യ ചേപ്പാട് ഫിലിപ്പോസ് റമ്പാച്ചന്റെയും ശ്രമഫലമായി വടക്കുപുറം മേഖലയിൽ മലങ്കര കത്തോലിക്കാ കൂട്ടായ്മ രൂപംകൊണ്ടു. 1931-ൽ ശ്രീ.പാനൂസ് മാത്തൻ കയ്യാലക്കൽ, ശ്രീ.ജോൺ മത്തായി ശങ്കരത്തിൽ, ശ്രീ.സ്കറിയ പുന്നംതോട്ടത്തിൽ എന്നിവരുടെ നേതൃത്വത്തിൽ ഒരു താൽക്കാലിക ദേവാലയം നിർമ്മിച്ചു. വന്ദ്യ ചേപ്പാട് ഫിലിപ്പോസ് റമ്പാച്ചാനും തുമ്പമൺ പുത്തൻവീട്ടിൽ അച്ചനും ചേർന്ന് ഈ താൽകാലിക ദേവാലയത്തിന്റെ കൂദാശയും നിർവഹിച്ചു. മേൽപറഞ്ഞ അത്മായ സഹോദരങ്ങളുടെ അകമഴിഞ്ഞ സഹകരണത്തോടും ഔദാര്യ മനസ്കതയോടും കൂടി മാർ ഇവാനിയോസ് പിതാവിന്റെ നിർദ്ദേശപ്രകാരം ദേവാലയ നിർമ്മാണം തുടങ്ങി. 1935 നവംബർ മൂന്നാം തീയതി കൂദാശചെയ്ത് ഈശോയുടെ തിരുഹൃദയത്തിന് സമർപ്പിച്ചു.

ആദ്യകാലഘട്ടങ്ങളിൽ കുമ്പഴയച്ചന്റെ മേൽനോട്ടത്തിൽ ചരുവിലേത്ത് അച്ചൻ, എഴിയത്തച്ചൻ മുതലായ വൈദികർ ഇടവകയിലെ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി ഈ കൂട്ടായ്മയെ വളർത്തി. ശ്രീ.എബ്രഹാം മുണ്ടാണിശേരിയും സഹോദരങ്ങളും, ശ്രീ.ഗീവർഗീസ് അയ്യനേത്തും സഹോദരങ്ങളും, ശ്രീ.മണ്ണിൽ ഡാനിയേൽ, ശ്രീ. തുണ്ടിയത്ത് മത്തായിച്ചൻ എന്നിവർ ആദ്യകാല കൂട്ടായ്മയ്ക്ക് നേതൃത്വം നൽകി ഈ കൂട്ടായ്മയെ വളർത്തിയെടുക്കുന്നതിൽ വലിയ പങ്കുവഹിച്ചു.

1951 മാർച്ച് മാസം ഒമ്പതാം തീയതി ശങ്കരത്തിൽ ശ്രീ.ഫിലിപ്പോസ് തോമസിന്റെ മകൻ യാക്കോബായ സഭയിലെ വൈദികനായിരുന്ന മുത്തച്ചൻ (ഫാദർ സാമുവൽ ശങ്കരത്തിൽ) മലങ്കര കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെടുകയും ദീർഘകാലം വടക്കുപുറം ദൈവാലയത്തിൽ വികാരിയായി ശുശ്രൂഷകൾക്ക് നേതൃത്വം നൽകുകയും ചെയ്തു.

1977-ൽ നിലവിലുണ്ടായിരുന്ന ദേവാലയത്തിനു സമീപമായി പുതിയ ദേവാലയം നിർമ്മിക്കുകയും ഭാഗ്യ സ്മരണാർഹനായ അഭിവന്ദ്യ ഗ്രിഗോറിയോസ് തിരുമേനി പുതിയ ദേവാലയത്തിന്റെ കൂദാശ നടത്തുകയും ചെയ്തു. തുടർന്ന് രണ്ട് പതിറ്റാണ്ടിലധികം ബഥനി സന്യാസ സമൂഹത്തിലെ വൈദികരുടെ ചുമതലയിൽ ആയിരുന്നു വടക്കുപുറം ദേവാലയം. 1977-ൽ നിർമ്മിച്ച ദൈവാലയം 2015-ൽ പുനർനിർമ്മിക്കപ്പെട്ടു. 2015 ജൂലൈ മാസം ഏഴാം തീയതി പുനർനിർമ്മിക്കപ്പെട്ട ദേവാലയം പത്തനംതിട്ട രൂപതാ അധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലിത്താ വിശുദ്ധീകരിച്ച് ദൈവതിരുമുമ്പിൽ പ്രതിഷ്ഠിച്ചു.

ഈ ദേവാലയത്തിന് മുൻപിലായി പരിശുദ്ധ ദൈവമാതാവിന്റെ നാമധേയത്തിലുള്ള ഒരു കുരിശടിയും വടക്കുപുറത്ത് ശ്രീ.എം.എ.മാത്യു മുണ്ടണിശ്ശേരി നൽകിയ സ്ഥലത്ത് വിശുദ്ധ യൂദാതദ്ധേവൂസിന്റെ നാമധേയത്തിലുള്ള ഒരു കുരിശടിയും മാലേത്ത് ഭാഗത്ത് ശ്രീ.എം. എം. ജോസഫ് മാലേത്ത് നൽകിയ സ്ഥലത്ത് വിശുദ്ധ ഗീവർഗീസ് സഹദായുടെ ഒരു കുരിശടിയും ഉണ്ട്. വൈദീകർക്ക് താമസിക്കുന്നതിനായി ഒരു വൈദിക മന്ദിരം ദേവാലയത്തോട് ചേർന്ന് സ്ഥിതിചെയ്യുന്നു.

തിരുവനന്തപുരം അതിരൂപതയിൽ എട്ടുനോമ്പാചരണം ആദ്യമായി ആരംഭിച്ചത് ഈ ദേവാലയത്തിലാണ്. വിശുദ്ധ ഗീവർഗീസ് സഹദായുടെ സ്വർഗ്ഗീയ മധ്യസ്ഥതയിൽ എല്ലാ വർഷവും മെയ്മാസം 6, 7 തീയതികളിൽ സഹദായുടെ തിരുനാൾ ആഘോഷിക്കുന്നു. അതുപോലെ ജൂൺ മാസത്തിൽ തിരുഹൃദയ തിരുനാളും ആഘോഷിക്കുന്നു.

ഈ ഇടവകയിൽ ഇപ്പോൾ 53 കുടുംബങ്ങളും ഇരുന്നൂറോളം വിശ്വാസികളും ആണ് ഉള്ളത് നിത്യതയിലേക്ക് ചേർക്കപ്പെട്ട മുത്തച്ഛനെയും, കോശി അയ്യനേത്ത് അച്ഛനെയും, കൂടാതെ ഫാദർ മാത്യു കയ്യാലയ്ക്കൽ, ഫാദർ ജോൺ ശങ്കരത്തിൽ, ഫാദർ തോമസ് കയ്യാലയ്ക്കൽ എന്നീ വൈദീകർ സഭയുടെ വിവിധ മേഖലകളിൽ ശുശ്രൂഷ ചെയ്യുന്ന ഈ ഇടവകയുടെ മക്കളാണ്. ബ്രദർ സാം മാത്യു കയ്യാലയ്ക്കൽ വൈദീക

വിദ്യാർത്ഥിയാണ്. ദൈവത്തിന്റെ അനന്തമായ കരുണയാൽ, ഈ ഇടവക കൂട്ടായ്മ ഇന്ന് എല്ലാ തലത്തിലും വളർച്ചയുടെ പാതയിൽ മുന്നേറിക്കൊണ്ടിരിക്കുന്നു.

ഇടവകയിൽ സേവനം ചെയ്ത വൈദികർ

1. ഫാ. ഫീലിപ്പോസ് മേടയിൽ - 1931 - 1935
2. ഫാ. ഗീവർഗീസ് ചരുവിലേത്ത് - 1935 - 1940
3. ഫാ. സഖറിയാസ് എഴിയത്ത് - 1940 - 1945
4. ഫാ. എ.ജി.ഏബ്രഹാം മൈലപ്രാ - 1945 - 1951
5. ഫാ. ശമുവേൽ ശങ്കരത്തിൽ - 1951 - 1970
6. ഫാ. മാത്യു ഇലഞ്ഞിക്കൽ - 1970 - 1972
7. ഫാ. മാത്യു പൊന്മേലിൽ - 1972 - 1973
8. ഫാ. ജോസഫ് തടത്തിൽ - 1973 - 1975
9. ഫാ. മാത്യു മാടപ്പള്ളിൽ - 1975 - 1976
10. ഫാ. തോമസ് നെരിയാട്ടിൽ - 1976 - 1977
11. ഫാ. യോഹന്നാൻ മുളമൂട്ടിൽ - 1977 - 1978
12. ഫാ. സ്റ്റീഫൻ തിരുവാലിൽ ഒ.ഐ.സി. - 1978 - 1979
13. ഫാ. ഡോമനിക് ഓടാലിൽ ഒ.ഐ.സി - 1979 - 1982
14. ഫാ. തോമസ് റെജി ഒ.ഐ.സി. - 1982 - 1983
15. ഫാ. ഇഗ്നാത്തിയോസ് കടിയാൻകുന്നേൽ ഒ.ഐ.സി - 1983 - 1987, 1989 - 1991, 1999 - 2000
16. ഫാ. ചാക്കോ ഫിലിപ്പ് ഒ.ഐ.സി - 1987 - 1988
17. ഫാ. ലാസറസ് ഒ.ഐ.സി - 1988 - 1989
18. ഫാ. ജോസഫ് കുളക്കുടിയിൽ ഒ.ഐ.സി. - 1991 - 1993
19. ഫാ. ബാസിൽ ഒ.ഐ.സി. - 1993 - 1995
20. ഫാ. കുര്യൻ തോണ്ടുകുഴി ഒ.ഐ.സി. - 1995 - 1996
21. ഫാ. വിൻസന്റ് സേവ്യർ ഒ.ഐ.സി. - 1996 - 1999
22. ഫാ. ജോൺ കൃപാനന്ദ് ഒ.ഐ.സി. - 2000 - 2001
23. ഫാ. ജോസ് കുരുവിള ഒ.ഐ.സി. - 2001 - 2004
24. ഫാ. ജോൺ ജി. വടക്കേപുറം - 2004 - 2007
25. ഫാ. ജസ്റ്റിൻ കോന്നാത്തുവിള (അസി.) - 2004 - 2007
26. ഫാ. മാത്യു പുത്തൻപുരയ്ക്കൽ - 2007 - 2008

27. ഫാ. സഖറിയാസ് പുഷ്പവിലാസം - 2008 - 2010

28. ഫാ. വർഗീസ് ചാമക്കാലായിൽ - 2010 - 2011

29. ഫാ. ജോർജ്ജ് ജേക്കബ് - 2011 - 2012

30. ഫാ. സെബാസ്റ്റ്യൻ കിഴക്കേതിൽ (അസി.) - 2011 - 2012

31. ഫാ. അലക്സാണ്ടർ കല്ലുകാലായിൽ - 2012 - 2013

32. ഫാ. ബിനോയ് പുതുപ്പറമ്പിൽ - 2013 - 2015

33. ഫാ. ജോൺ തുണ്ടിയത്ത് - 2015 - 2016

34. ഫാ. ഫീലിപ്പോസ് ചരിവുപുരയിടത്തിൽ (അസി.) 2015 - 2016

35. ഫാ. സാന്റോ കാലായിൽ - 2016 - 2018

36. ഫാ. റോബിൻ കലതിവിളയിൽ - 2018 - 2020

37. ഫാ. സാജൻ തോമസ് ഒ.ഐ.സി. - 2020